കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കെ.എസ്.എ-എ.എൽ.പി/ബി.പി-1454/2017

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 05.12.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

.

സർ,

വിഷയം:- ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് -2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 28(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-എ.എൽ.പി/ബിപി-1454/2017 തീയതി: 05.12.2017

# ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01.04.16 മുതൽ 31.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ നൽകിയ 15 അന്വേഷണക്കുറിപ്പുകളിൽ 14എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത വിഷയങ്ങളെ സംബന്ധിക്കുന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ആർ.അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.11.17 മുതൽ<br>30.11.17വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.എൻ.സുജ,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| | ശ്രീമതി.ദീപ.കെ.ഗോപാൽ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.രാജശ്രീ.വി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്.

| | |
|---|---|
| ശ്രീ.ബിജു, കൊല്ലശ്ശേരിൽ | 01/04/2016 മുതൽ 31/03/2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.എൻ.ഹരിലാൽ | 1/04/2016 മുതൽ 28/07/2016 FNവരെ |
| 2. | ശ്രീ.കെ.അനിൽകുമാർ | 28/07/2016AN മുതൽ 31/3/17 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | ക്ഷീരവികസന ഓഫീസർ. | ശ്രീ.അനിൽകുമാർ.പി.സി. | 01.04.2016 മുതൽ 03.08.16 വരെ. |
| | | ശ്രീ.കൃഷ്ണകുമാർ. | 03.08.16 മുതൽ 29.08.16 വരെ. |
| | | ശ്രീ.അനിൽകുമാർ.പി.സി. | 29.08.16 മുതൽ 31.03.17 വരെ. |
| 2 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.എലിസബത്ത് ഡാനിയൽ. | 01.04.16 മുതൽ 31.03.17 വരെ |
| 3 | മെഡിക്കൽ ഓഫീസർ, സിഎച്ച്സി, തൃക്കുന്നപ്പുഴ. | ഡോ. ഷിബുജയരാജ്. | 01.04.16 മുതൽ 30.06.16വരെ |
| | | ഡോ.ജയ. | 30.06.16 മുതൽ 31.03.17 വരെ. |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.പെന്റാലിയോൺ.കെ.ജെ. | 1.4.16 മുതൽ 26.09.16FNവരെ. |
| | | ശ്രീ.സുരേഷ് കുമാർ | 26.09.16ANമുതൽ 07.11.16 FNവരെ. |
| | | ശ്രീമതി.ഷൈനി.എൻ | 07.11.16ANമുതൽ 28.11.16 FNവരെ. |
| | | ശ്രീ.സത്യാനാഥ്.ബി. | 28.11.16ANമുതൽ 31.03.17 വരെ. |
| 5. | എസ്.സി.ഡി.ഒ. | ശ്രീമതി.അമ്പിളി.കെ.യു. | 01.04.16 മുതൽ 22.06.16FN വരെ. |

| | | | |
|---|---|---|---|
| | | ശ്രീമതി.ജലജ.ഡി. | 22.06.16ANമുതൽ 08.11.16 വരെ. |
| | | ശ്രീമതി.ശ്രീരശ്മി.യു. | 09.11.16 മുതൽ 16.01.17 വരെ. |
| | | ശ്രീമതി.ജലജ.ഡി. | 1 6.01.17 മുതൽ 01.02.17 വരെ. |
| | | ശ്രീ .രാജേഷ്.ജി.ആർ. | 02.02.17 മുതൽ 31.03.17 വരെ. |
| 6. | സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.സുരേഷ് കുമാർ | 01.04.16-31.03.17 |
| 7. | സി.ഡി.പി.ഒ. | ശ്രീമതി.രാജലക്ഷ്മി. | 01.04.16-31.03.17 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ 1-7 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | ഉപയോഗയോഗ്യമല്ലാത്ത വാഹനത്തിന്റെ ലേലം - അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 3 | 2-2 | ഇ ടെന്റർ വഴി ലഭിക്കുന്ന ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചില്ല – വരവ് നഷ്ടം 1,50,022/- |
| ഭാഗം 3 | | |
| 4 | 3-1 | ബ്ലോക്ക് പഞ്ചായത്തിന്റെ ഇലക്ട്രിഫിക്കേഷൻ ചെലവുകൾ - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം |
| 5 | 3-2 | ഗ്രാമ പഞ്ചായത്തിന്റെ സാക്ഷ്യപത്രം ഇല്ലാതെ ആനുകൂല്യം നൽകി |
| 6 | 3-3 | വികലാംഗർക്ക് സൈഡ് വീലുള്ള മോട്ടോർ വാഹനം-പദ്ധതി നിർവഹണത്തിലെ അപാകതകൾ |
| 7 | 3-4 | വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല -ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു |
| 8 | 3-5 | ബഡ്ജറ്റ് പ്രിന്റിംഗ്-ചെലവു തടസ്സപ്പെടുത്തുന്നു |
| 9 | 3-6 | പാലിയേറ്റീവ് കെയർ---മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിച്ചത് സംബന്ധിച്ച് രേഖയില്ല. 5,19,686/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു |
| 10 | 3-7 | സേവനനികുതി ഒടുക്കുവരുത്തിയില്ല – 96823/- രൂപയുടെ നഷ്ടം |
| 11 | 3-8 | കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാകാത്ത വർക്കുകൾ-പുതുക്കിയ പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരമുള്ള പിഴ സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയോ പാലിക്കുകയോ ചെയ്യുന്നില്ല |
| 12 | 3-9 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ-പർച്ചേസുകൾ നടത്തുന്നു |

| | | |
|---|---|---|
| 13 | 3-10 | IAY ഭവന നിർമ്മാണം |
| 14 | 3-11 | ഇ.എം.എസ്സ് ഭവന നിർമ്മാണം വായ്പാ തിരിച്ചടവ് -ലോൺ പാസ്സ് ബുക്കിന്റെ അഭാവത്തിൽ തിരിച്ചടവിന്റെ കൃത്യത വ്യക്തമല്ല |
| 15 | 3-12 | ആസ്തി രജിസ്റ്റർ കാലികമാക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| ഭാഗം 4 | | |
| 16 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 02.03.2016 ലെ 1- ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 401509000 | 394393000 |
| വാർഷിക കണക്ക് പ്രകാരം | 80527585 | 73045362 |

ബജറ്റ് പ്രകാരമുള്ള വരവിന്റെ 20% ഉം ചെലവിന്റെ 18%ഉം മാത്രമാണ് യഥാർത്ഥ വരവ് ചെലവുകൾ. മുൻവർഷത്തെ വരവ് ചെലവുകളെ അടിസ്ഥാനമാക്കി ബജറ്റ് തയ്യാറാക്കാൻ വരുംവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.17 | 12.07.17 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (വിശദവിവരം ഖണ്ഡിക 4-1 കാണുക).

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 26570265 | 15865345 | 59.71 |
| വികസനഫണ്ട് - എസ്.സി.പി. | 9161649 | 5369649 | 58.61 |
| വികസനഫണ്ട് - ടി.എസ്.പി. | 193857 | 193857 | 100 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 4131654 | 426859 | 10.33 |

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ അലോട്ട്മെന്റിന്റെ 10.33% മാത്രമാണ് ചെലവഴിച്ചത്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 61 | 40057771 | 32 | 2185570 | 28 | 1 | 52.46 |

1-6 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, കമ്പ്യൂട്ടർ ഹാർഡ്വെയർ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 1/8/17-14/8/17 | 2016-17 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/8/16 -16/8/16 | 1/11/14-31/7/16 വരെ | 6/9/16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഉപയോഗയോഗ്യമല്ലാത്ത വാഹനത്തിന്റെ ലേലം - അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിലെ KL-01E-6873 നമ്പർ ജീപ്പ് കാലപ്പഴക്കം ചെന്നതിനാൽ കണ്ടം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി (06.09.14 ലെ VIാം നമ്പർ തീരുമാനം) തീരുമാനിച്ചു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി, മെക്കാനിക്കൽ സബ് ഡിവിഷൻ, മാവേലിക്കര ജീപ്പിന് 1,25,000/-രൂപ വാല്യുവേഷൻ നിശ്ചയിച്ചു നൽകി. ഇതനുസരിച്ച് 23.06.15 ൽ വാഹനം ലേലം ചെയ്യുന്നതിന് സർക്കാർ അനുമതിയും നൽകി. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് 10.08.15 ൽ ലേലവും (85,000/-), 16.09.15 ലും (80,700/-) 30.12.15 ലും (80,000/-) പുനർ ലേലവും നടത്തിയെങ്കിലും പങ്കെടുത്തവരാരും മെക്കാനിക്കൽ വിഭാഗം നിശ്ചയിച്ചു നൽകിയ വിലയ്ക്ക് ലേലം വിളിച്ചില്ല. വില പുനർ നിർണ്ണയിക്കുന്നതിനായി മെക്കാനിക്കൽ വിഭാഗത്തിന് കത്ത് നൽകിയതിന്, ഇറിഗേഷൻ വകുപ്പിന്റെ 26.07.2001 ലെ സർക്കുലർ പ്രകാരം ലേലതുക അപ്സെറ്റ് വാല്യുവിന്റെ 75% മോ അതിൽ കൂടുതലോ ആണെങ്കിൽ കസ്റ്റോഡിയൻ ഓഫീസർക്കും 50%-ൽ കൂടുതലാണെങ്കിൽ കസ്റ്റോഡിയൻ ഓഫീസർക്ക് മുകളിലുള്ള ഓഫീസർക്കും അംഗീകരിക്കാവുന്നതാണെന്ന നിർദ്ദേശം ലഭിച്ചു. തുടർന്ന് 12.08.16 ൽ പുനർലേലം നടത്തി 64,000/- രൂപയ്ക്ക് ലേലം ഉറപ്പിച്ചു. ലേലം കൊണ്ട ആൾ ഡെപ്പോസിറ്റായി 32,000/- രൂപ (0760529/19.08.16) പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ലേല നടപടികളുടെ സാധൂകരണത്തിനായി സർക്കാരിലേക്ക് 04.01.17 ൽ കത്ത് നൽകി ഫയൽ അവസാനിക്കുന്നു.

നടപടിക്രമങ്ങൾ ഇനിയും വൈകിയാൽ ലേല നടപടികൾ സുഗമമായി പൂർത്തിയാക്കാൻ സാധിക്കുകയില്ല. 26.10.1994-ൽ വാങ്ങിയ വാഹനം തുരുമ്പെടുത്ത് നശിക്കുകയും ചെയ്യും. ആയതിനാൽ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 2-2 ഇ ടെന്റർ വഴി ലഭിക്കുന്ന ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചില്ല – വരവ് നഷ്ടം 1,50,022/-

2016-2017സാമ്പത്തിക വർഷം e-tender ചെയ്ത 35 മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ സമർപ്പിച്ച 89പേരിൽ നിന്ന് ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 1,50,022രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൌണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത തുക നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്ലോക്ക് പഞ്ചായത്തിന്റെ ഇലക്ട്രിഫിക്കേഷൻ ചെലവുകൾ - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം

ബ്ലോക്ക് പഞ്ചായത്തിലെ ഇലക്ട്രിക്കൽ പ്രവർത്തികളുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം ഭരണസമിതി തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്.

1. 26-2-2016-ലെ XIV നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കോൺഫ്രൻസ് ഹാൾ, സെക്രട്ടറിയുടെ മുറി എന്നിവ വയറിംഗ് ചെയ്യുണമെന്ന സെക്രട്ടറിയുടെ അപേക്ഷ പരിശോധിച്ച് പ്രദേശികമായി പ്രവർത്തി നടത്തുവാൻ തീരുമാനിച്ചു.
2. 18-4-2016ലെ vii-ാം നമ്പർ തീരുമാനപ്രകാരം സ്വകാര്യവ്യക്തിയെ കൊണ്ട് പ്രവർത്തിചെയ്യിക്കുന്നതിനും ആവശ്യമായ സാധനങ്ങൾ പ്രാദേശികമായി വാങ്ങുന്നതിനും തീരുമാനിച്ചു.

ചെലവു വിശദാംശങ്ങൾ

1. സെക്രട്ടറിയുടെ മുറിയുടെ ഇലക്ട്രിഫിക്കേഷൻ

23-2-2016ൽ തന്നെ ക്വട്ടേഷൻ ക്ഷണിച്ചു. നോട്ടീസ് പ്രകാരം സെക്രട്ടറിയുടെ മുറി മാത്രം 8 led lights, 7plug points, ഒരു ELCB CONTROL, ഒരു BELL, ഒരു സീലിംഗ് ഫാൻ എന്നിവ കൺസീൽഡായി ചെയ്യുന്നതിന് ലേബർ ചാർജ്ജിന്റെ ക്വട്ടേഷൻ ആണ് ക്ഷണിച്ചത്. മൂന്ന് പേർ വെള്ളപേപ്പറിലുള്ള ക്വട്ടേഷൻ സമർപ്പിച്ചതിൽ മുഹമ്മദ് അൻസാരി ഓച്ചിറ എന്നയാളിന്റെ 7700 രൂപയുടെ കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചു. 8362രൂപയുടെ ഇലക്ട്രിക്കൽ സാമഗ്രികൾ സെക്രട്ടറി നേരിട്ട് വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടുണ്ട്. സാമഗ്രി വിലയും ജോലിക്കൂലിയും ഉൾപ്പെടെ 16062 രൂപ ചെക്ക്.നം.903604 തീയതി, 29-4-2016 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഇലക്ട്രിഫിക്കേഷനു വേണ്ടി സെൽഫ് ആയി മാറി മുഹമ്മദ് അൻസാരിക്ക് നൽകി.

2. കോൺഫ്രൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ.

ചെക്ക് നം.823725 തീയതി, 21-3-2017 പ്രകാരം 12415 രൂപ കോൺഫ്രൻസ് ഹാൾ ഇലക്ട്രിഫിക്കേഷനായി ശ്രീ.രഞ്ജിത്ത് കുമാർ എന്നയാൾ കൈപ്പറ്റിയിട്ടുണ്ട്. 7615രൂപയുടെ ഒരു ബില്ലിനുതാഴെ 4800/-രൂപ ലേബർ എന്ന് മഷി കൊണ്ട് എഴുതി ചേർത്താണ് 12415/-രൂപ കണക്കാക്കിയിട്ടുള്ളത്. മറ്റ് രേഖകൾ ഒന്നും ഇല്ല.

തീരുമാനം, ചെലവ് എന്നിവയിലെ അപാകതകൾ

1. പഞ്ചായത്തിന്റെ ഏതൊരു വിധത്തിലുമുള്ള ഇലക്ട്രിക്കൽ വർക്കുകളും അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് നടപ്പിലാക്കേണ്ടത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നം.2878/2015 പ്രകാരം പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്നുള്ള വിരമിച്ച യോഗ്യരായ എൻജിനീയറന്മാരുടെ ഒരു പാനൽ LSGD EE തയ്യാറാക്കേണ്ടതും ഇതിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയംഭരണ സ്വാപനം തെരഞ്ഞെടുക്കേണ്ടതും ആണ്. പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, മേൽനോട്ടം വഹിക്കുക ഇവയെല്ലാം ഇദ്ദേഹത്തിന്റെ ചുമതലയായിരിക്കും. ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനറായുള്ള DLTC യാണ്. അംഗീകൃത ഇലക്ട്രിക്കൽ കരാറുകാർക്ക് മാത്രമേ പ്രവർത്തി ചെയ്യുന്നതിന് അനുവാദമുള്ളു. ഈ സാഹചര്യത്തിൽ എസ്റ്റിമേറ്റ് പോലും തയ്യാറാക്കാതെ പ്രാദേശികമായി സ്വകാര്യവ്യക്തിയെകൊണ്ട് പ്രവർത്തി ചെയ്യിക്കാനുള്ള കമ്മറ്റി തീരുമാനം നിയമവിരുദ്ധമാണ്.
2. കമ്മറ്റി തീരുമാനത്തിന് മുമ്പേ ക്വട്ടേഷൻ പരസ്യം നൽകി.

26-2-2016 ലാണ് പ്രവർത്തിനടത്താൻ സെക്രട്ടറിക്ക് അനുവാദം നൽകിയത് എന്നാൽ ഇതിനുമുമ്പേ 23-2-2016 ൽ ക്വട്ടേഷൻ ക്ഷണിച്ചു. കമ്മറ്റി തീരുമാന പ്രകാരം സെക്രട്ടറിയുടെ മുറിയും കോൺഫ്രൻസ് ഹാളും ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് അനുവാദം നൽകി എങ്കിലും സെക്രട്ടറിയുടെ മുറിയുടെ ഇലക്ട്രിഫിക്കേഷനു മാത്രമാണ് ക്വട്ടേഷൻ ക്ഷണിച്ചത്.

3. <u>കരാറുകാരന് കൈമാറിയ സൈറ്റിൽ മറ്റൊരാളെക്കൊണ്ട് പ്രവർത്തി ചെയ്യിച്ചു</u>

കോൺഫ്രൻസ് ഹാൾ ഇലക്ട്രിഫിക്കേഷനായി 400000രൂപയുടെ പ്രോജക്ട് തയ്യാറാക്കി. DLTC അംഗം എസ്റ്റിമേറ്റ് തയ്യാറാക്കി 27-1-2017 'ടെണ്ടർ ചെയ്ത് ഹരീഷ്, ഹരി ഭവനം എന്ന കരാറുകാരനുമായി 17-3-2017ൽ എഗ്രിമെന്റ് വക്കുകയും സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. 11-4-2017ൽ അസ്സിസ്റ്റന്റ് എൻജിനീയർ കരാറുകാരന് നൽകിയ കത്തിൽ നാളിതുവരെ പ്രവർത്തികൾ ഒന്നു നടത്തിയിട്ടില്ലാത്തതിനാൽ എത്രയും വേഗം പണി തുടങ്ങണം എന്നും ഏപ്രിൽ 30നകം പണി പൂർത്തിയാക്കണം എന്നും അറിയിച്ചിട്ടുണ്ട്. ഇതേ സമയം ചെക്ക് നം. 823725 തീയതി, 21-3-2016 പ്രകാരം 12415/-രൂപ കോൺഫ്രൻസ് ഹാൾ ഇലക്ട്രിഫിക്കേഷനായി ശ്രീ.രഞ്ജിത്ത് കുമാർ എന്നയാൾ കൈപ്പറ്റിയിട്ടുണ്ട്. 7615/-രൂപയുടെ ഒരു ബില്ലിനുതാഴെ 4800/-രൂപ ലേബർ ചാർജ്ജ് രേഖപ്പെടുത്തിയിട്ടുണ്ട്. ഏതൊക്കെ പ്രവൃത്തികൾ ചെയ്തു എന്ന് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലേബർ എന്ന് മഷി കൊണ്ട് എഴുതി ചേർത്തിരിക്കുന്നു. മറ്റ് രേഖകൾ ഒന്നും ഇല്ല. കോൺഫ്രൻസ് ഹാൾ ഇലക്ട്രിഫിക്കേഷനായി നിയമാനുസൃത നടപടികളിലൂടെ കരാറുകാരന് കൈമാറിയ സൈറ്റിൽ മറ്റൊരാൾ പ്രവർത്തി നടത്തിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ഓഫീസ് മുറിയുടെ അറ്റകുറ്റപ്പണിക്കായി ജീവനക്കാർ കോൺഫ്രൻസ് ഹാളിലേക്ക് പ്രവർത്തനം മാറ്റിയിരുന്നു എന്നും അത്യാവശ്യ ഓഫീസ് ജോലികൾ ചെയ്യുന്നതിന് കമ്പ്യൂട്ടറുകളും മറ്റും പ്രവർത്തിപ്പിക്കുന്നതിനായി പ്ലഗ് പോയ്ന്റുകളും മറ്റും ആവശ്യമായതിനാലാണ് അടിയന്തിരമായി ഇലക്ട്രിക്കൽ പ്രവർത്തികൾ നടത്തിയത് എന്നും അറിയിച്ചു. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. 2/2016 ൽ തന്നെ പ്രവർത്തികൾ നടത്തുന്നതിന് കമ്മറ്റി അനുവദിച്ചിട്ടുള്ളതിനാൽ അടിയന്തിര പ്രവർത്തിയായി കണക്കാക്കാൻ ആവുകയില്ല. ചെലവുതുക 12415/-രൂപ അനുവദനീയമല്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 <u>ഗ്രാമ പഞ്ചായത്തിന്റെ സാക്ഷ്യപത്രം ഇല്ലാതെ ആനുകൂല്യം നൽകി</u>

ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽതേടി പോകുന്നതിനുള്ള ധനസഹായം എന്നീ പ്രോജക്ടുകളിലുൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയത്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ഉറപ്പാക്കാനാവുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. <u>മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>

S0049/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി 13 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ ചുവടെ ചേർക്കുന്നവർക്ക് സാക്ഷ്യപത്രം ഇല്ലാതെയാണ് സ്കോളർഷിപ്പ് നൽകിയത്.

ചെലവ് - ബിൽ നം. 121/Merit/16-17 തീയതി, 20.3.17 – 150000

ബിൽ നം. 143/Merit/16-17 തീയതി, 29.3.17 – 200000

1. മിഥുൻ ചന്ദ്രൻ,പറത്തറയിൽ, ചെറുതന (@50000)
2. വിജിത.കെ., വിജിത ഭവനം, കാരിച്ചാൽ, പായിപ്പാട്

3. വിജിമോൾ, പുതുവൽ, കാഞ്ഞിരംതുരുത്ത്, പാണ്ടി, ചെറുതന

4. ഗായത്രി, പോച്ചയിൽ, പാനൂർ

5. ശ്രീക്കുട്ടി, കല്ലേലിൽ കിഴക്കതിൽ, കാർത്തികപ്പള്ളി

6. രമ്യകൃഷ്ണൻ, കൃഷ്ണ നിവാസ്, കരുവാറ്റ(S)

7. അരുൺഗോപൻ, ഉണ്ടുകളത്തിൽ, കരുവാറ്റ

8. അഭിജിത്ത് മോഹൻ, മകരംതറയിൽ, മേൽപാടം,വീയപുരം

2. പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽതേടി പോകുന്നതിനുള്ള ധനസഹായം

S0032/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി 14 പേർക്ക് 50000 രൂപ വീതം ധനസഹായം നൽകിയതിൽ ചുവടെ ചേർക്കുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലന്ന സാക്ഷ്യപത്രം ഇല്ലാതെയാണ് ധനസഹായം നൽകിയത്.

ചെലവ് - ബിൽ നം.120/Foreign/16-17 തീയതി, 20.3.17 – 300000

ബിൽ നം.140/Foreign/16-17 തീയതി, 29.3.17 -- 400000

1. എസ്.ധന്യ, പത്തിശ്ശേരിൽ, നീണ്ടൂർ, പള്ളിപ്പാട്

2. ലിഖിൽ ചന്ദ്രൻ, ഹനുമാന്തറ കോളനി, പുല്ലമ്പട, പള്ളിപ്പാട്

3. അനിൽകുമാർ, അനിൽ ഭവനം, വഴുതാനം

4. രാഹുൽ.ആർ., ഒറ്റത്തെങ്ങിൽ, പായിപ്പാട്

5. അമൽ ചന്ദ്ര, പുളിപ്പറമ്പിൽ, പാനൂർ, തൃക്കുന്നപ്പുഴ

6. വിനീത്.ആർ., കണ്ണങ്കര, മഹാദേവികാട്

7. സതീഷ് കുമാർ, ഒറ്റത്തെങ്ങിൽ, നീണ്ടൂർ, പള്ളിപ്പാട്

8. സുനിൽ, കരവേലിൽ തെക്കതിൽ, കോട്ടയ്ക്കകം, മുട്ടം

9. കണ്ണൻ.ജി.കൃഷ്ണൻ, ഉണ്ണി നിവാസ്, കിഴക്കേക്കര വടക്ക്, വലിയപറമ്പ്, തൃക്കുന്നപ്പുഴ

10. അരവിന്ദ് സന്തോഷ്, കരിമ്പാത്തറ കിഴക്കതിൽ, കരുവാറ്റ

11. ശ്രീരാഗ്, ശ്രീഭവൻ, പായിപ്പാട്

3. അനർഹന് ആനുകൂല്യം നൽകി - തുക നിരാകരിക്കുന്നു

ശരത് ശശീന്ദ്രൻ, മുട്ടത്ത് പറമ്പിൽ കിഴക്കതിൽ, പള്ളിപ്പാട്, തൃക്കുന്നപ്പുഴ എന്നയാളുടെ 1420074635 നമ്പർ റേഷൻ കാർഡ് പ്രകാരം ടിയാന്റെ പിതാവ് ശശീന്ദ്രൻ സർക്കാർ ജീവനക്കാരനാണ്. തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പിന്റെ 17.08.2016 ലെ സ.ഉ(സാധാ)നം.2464/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം എസ്സ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന ഭവന നിർമ്മാണത്തിനൊഴികെയുള്ള വിവിധതരം ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി 1.5 ലക്ഷം രൂപയാണ്. ഗുണഭോക്താവിന്റെ പിതാവ് സർക്കാർ ജീവനക്കാരനായിരിക്കെ മേൽ ഉത്തരവ് പ്രകാരമുള്ള വരുമാന പരിധി ലംഘിച്ചിട്ടില്ലന്ന് ഉറപ്പാക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. അനർഹനായ ഗുണഭോക്താവിനായി ചെലവഴിച്ച 50000 രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.

കൂടാതെ രണ്ട് പ്രോജക്ടുകളിലുമായി ആനുകൂല്യം നൽകുന്നതിനായി പിൻവലിച്ച തുക

ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 2 തീയതി, 28.11.17 നൽകിയതിന് രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ നിരാകരിച്ച 50000 രൂപ കഴിച്ച് മേൽ രണ്ട് പ്രോജക്കുകൾക്കുമായി ചെലവഴിച്ച 10,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 വികലാംഗർക്ക് സൈഡ് വീലുള്ള മോട്ടോർ വാഹനം-പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 33/17

ബിൽ നം.03/16-17, ചെലവ്-10,37,000/-

നിർവ്വഹണ ഉദ്യോഗസ്ഥ: സി.ഡി.പി.ഒ.

ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചാണ് പദ്ധതിയിലെ അർഹരായ വ്യക്തികളെ തെരഞ്ഞെടുത്തത്. 13.03.17 ലെ 5-ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു. ഏറ്റവും കുറഞ്ഞ നിരക്ക് (61,000/-) ക്വാട്ട് ചെയ്ത ഈസ്റ്റ് വെനീസ് മോട്ടോഴ്സ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നുമാണ് മുച്ചക്ര വാഹനം (HERO DUET LX 110.9 CC) വാങ്ങിയത്.

I. പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പതിനേഴ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയെങ്കിലും പതിനാലു പേരുടെ ലേണേഴ്സ് ലൈസൻസും നാലു പേരുടെ അപേക്ഷകളും ഒരാളുടെ മാത്രം ഇൻവാലിഡ് ക്യാരിയേജ് ലൈസൻസും (ശ്രീ.കിരൺ, കുറിശ്ശേരി, കാർത്തികപ്പള്ളി) ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഓരോ ഗുണഭോക്താവിന്റെയും അപേക്ഷകളും അനുബന്ധ രേഖകളും ക്രമപ്പെടുത്തി പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ഫയൽ കൃത്യമാക്കി ഹാജരാക്കിയില്ല.
2. എല്ലാ തദ്ദേശ സ്ഥാപനങ്ങളും പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് മുൻപ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് സംബന്ധിച്ച രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
5. വാഹനം കൈമാറ്റം ചെയ്യില്ല എന്നത് സംബന്ധിച്ച് ഗുണഭോക്താക്കളുമായി കരാർ വെച്ചിട്ടില്ല. സ്കൂട്ടർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നൽകിയതാണെന്നും കൈമാറ്റം ചെയ്യാൻ പാടില്ലെന്നും ആർ.സി. ബുക്കിൽ രേഖപ്പെടുത്തണമെന്നുമുള്ള മാർഗനിർദ്ദേശം പാലിച്ചതിന്റെ വിശദാംശവും ഓഡിറ്റിൽ ഹാജരാക്കിയില്ല.
6. ആനുകൂല്യം കൈപ്പറ്റിയ ഓമനക്കുട്ടൻ,തൃക്കുന്നപ്പുഴ എന്ന ഗുണഭോക്താവിന്റെ പേര് തൃക്കുന്നപ്പുഴ പഞ്ചായത്ത് അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
7. മുച്ചക്ര വാഹനങ്ങളിൽ ഒന്ന് ഇതുരെയും വിതരണംചെയ്തിട്ടില്ല.

ആനുകൂല്യത്തിനായി തെരഞ്ഞെടുത്ത ശ്രീലത, കുന്നുപറമ്പിൽ, ചെറുതന എന്നയാൾ ഇതുവരെയും സ്കൂട്ടർ കൈപ്പറ്റിയിട്ടില്ല. വാഹനം അഞ്ചു ദിവസത്തിനകം കൈപ്പറ്റണമെന്നാവശ്യപ്പെട്ട് ഇവർക്ക് നിർവഹണ ഉദ്യോഗസ്ഥ അയച്ച കത്തിന്റെ (തീയതി വെച്ചിട്ടില്ല.) പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ ഈ സ്കൂട്ടർ ബ്ലോക്ക് പഞ്ചായത്ത് ഷെഡ്ഡിൽ സൂക്ഷിച്ചിട്ടുണ്ട്.

കത്തയച്ചിട്ടും ഇവർ വന്നിട്ടില്ലാത്തതിനാൽ മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തി വാഹനം

നൽകുന്നതാണെന്നാണ് ഓഡിറ്റ് അന്വേഷണം നം.5/28.11.17 നുള്ള മറുപടിയിൽ അറിയിച്ചത്. തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ എല്ലാ രേഖകളും വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നാണ് ഓഡിറ്റ് അന്വേഷണം നം.5/28.11.17 ന് മറുപടി നൽകിയത്. പദ്ധതി നിർവ്വഹണം പൂർത്തിയായി മാസങ്ങൾക്കു ശേഷവും ലഭിച്ച രേഖകൾ പോലും ക്രമപ്പെടുത്താതെയാണ് നിർവഹണ ഉദ്യോഗസ്ഥ ഓഡിറ്റിനായി ഫയൽ ഹാജരാക്കിയത്. അപാകതകൾ പരിഹരിച്ച് ആവശ്യമായ എല്ലാ രേഖകളും സഹിതം ഫയൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾ കാരണം പദ്ധതിക്കായി ചെലവഴിച്ച 10,37,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല -ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. നം.30/17

ബിൽ നം.1/16-17/31.03.17. - 3,63,000/-

ബിൽ നം. 2/16-17/31.03.17. - 17,99,600/-

ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതി യിൽ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി പിൻവലിച്ച് നൽകിയ 21,62,600/- രൂപയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച 21,62,600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

31.03.17 ൽ നൽകിയ തുക ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ചത് 2017-18 വർഷമാകയാൽ വിനിയോഗസാക്ഷ്യപത്രം പിന്നീട് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.5/28.11.2017 നുള്ള മറുപടിയിൽ അറിയിച്ചു.

## 3-5 ബഡ്ജറ്റ് പ്രിന്റിംഗ്-ചെലവു തടസ്സപ്പെടുത്തുന്നു

2017-18 വർഷത്തെ ബഡ്ജറ്റ് പ്രിന്റിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഏത് അളവിലുള്ള പേജാണ് വേണ്ടത് എന്ന് സൂചിപ്പിച്ചിരുന്നില്ല. പേജ് വലുപ്പത്തെക്കുറിച്ച് ലഭിച്ച ക്വട്ടേഷനുകളിലും സൂചനയില്ല. പേജ് വലുപ്പം സൂചിപ്പിക്കാതെ എങ്ങനെയാണ് നിരക്ക് ക്വോട്ട് ചെയ്തത് എന്ന് വ്യക്തമല്ല.

അമ്പിളി ഓഫ്സെറ്റിൽ നിന്ന് ലഭിച്ച ക്വട്ടേഷനിൽ outer 4 page multi colour, inner 4 page multi colour, inner 16 pages എന്ന സ്പെസിഫിക്കേഷനാണ് 10000രൂപ ക്വോട്ട് ചെയ്തത്. എന്നാൽ ആകെ നാല് കളർ പേജ് മാത്രമാണ് ഉള്ളത്. ക്വട്ടേഷനിൽ സൂചിപ്പിച്ച പ്രകാരമുള്ള പേജുകൾ നൽകിയില്ലെങ്കിലും ക്വോട്ട് ചെയ്ത നിരക്ക് മുഴുവൻ പ്രസ്സിനു നൽകി.

മുൻവർഷം ഇതേ വലുപ്പമുള്ള ബഡ്ജറ്റ് പ്രിന്റ്ചെയ്തതിന് 5500രൂപ മാത്രമാണ് ചെലവു വന്നത്. ക്വട്ടേഷനിൽ സൂചിപ്പിക്കുന്ന നിരക്കുകൾ യഥാർത്ഥ നിരക്കുകളുമായി വലിയവ്യത്യസം പുലർത്തുന്നതായി തോന്നിയാൽ റി ടെണ്ടർ/റീ ക്വട്ടേഷൻ വിളിക്കുന്നതിനാണ് സ്റ്റോർ പർച്ചേയ്സ് മാന്വൽ അനുശാസിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയില്ല. 10000/-രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.(ചെക്ക് നം.823731 തീയതി, 30.03.2017).

## 3-6 പാലിയേറ്റീവ് കെയർ---മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിച്ചത് സംബന്ധിച്ച് രേഖയില്ല. 5,19,686/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവഹണം-- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തൃക്കുന്നപ്പുഴ

പാലിയേറ്റീവ് കെയർ--ബ്ലോക്ക് വിഹിതം (S0056/17) പദ്ധതിയിൽ ആകെ 6,80,200/- രൂപ (ബിൽ നം.2/16-17 തീയതി, 24.3.17) പല്ലന ഗവ.ഫിഷറീസ് ഹോസ്പിറ്റലിനും (190200/-) കാർത്തികപ്പള്ളി, (2,40,000/-) കുമാരപുരം,(2,00,000/-) ചെറുതന (50,000/-) എന്നീ ഗ്രാമപഞ്ചായത്തുകൾക്കുമായി ചെലവഴിച്ചിട്ടുണ്ട്. കാർത്തികപ്പള്ളി, ചെറുതന ഗ്രാമപഞ്ചായത്തുകൾ ചെലവഴിക്കാത്ത തുക യഥാക്രമം 31911/-, 16398/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ചെലവ് തുകയിൽ മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ, പാലിയേറ്റീവ് നേഴ്സിന്റെ വേതനം, ടാക്സി വാടക എന്നിവ ഉൾപ്പെടുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഈ സ്ഥാപനങ്ങൾ മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ, ഔഷധി, ഹോംകോ എന്നിവയ്ക്ക് തുക മുൻകൂർ നല്കിയിട്ടുണ്ട്. മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിച്ചതിന്റെ വിവരം ബന്ധപ്പെട്ട സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. ബന്ധപ്പെട്ട സ്ഥാപനങ്ങൾ മറുപടി ഹാജരാക്കിയില്ല. ആയതിനാൽ മരുന്ന് വിതരണത്തിനായി ചെലവഴിച്ച 519686/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തുക | ഉദ്ദേശ്യം | റിമാർക്സ് |
|---|---|---|---|
| ഗവ.ഫിഷറീസ് ഹോസ്പിറ്റൽ,പല്ലന | 90,000/- | KMSCL | മരുന്ന് വിതരണം |
| | 10,000/- | ഔഷധി | ടി |
| | 5000/- | ഹോംകോ | ടി |
| | 14884/- | KMSCL | ഹോംകെയർ മെറ്റീരിയൽസ് |
| കാർത്തികപ്പള്ളി | 75000/- | KMSCL | മരുന്ന് വിതരണം |
| | 70000/- | KMSCL | മരുന്ന് വിതരണം |
| | 30000/- | ഔഷധി | മരുന്ന് വിതരണം |
| കുമാരപുരം | 75000/- | KMSCL | മരുന്ന് വിതരണം |
| | 25000/- | KMSCL | മരുന്ന് വിതരണം |
| | 1,00,000/- | ഔഷധി | മരുന്ന് വിതരണം |
| ചെറുതന | 24802/- | KMSCL | മരുന്ന് വിതരണം |
| ആകെ | 519686/- | | |

## **3-7** <u>സേവനനികുതി ഒടുക്കുവരുത്തിയില്ല – **96823/-** രൂപയുടെ നഷ്ടം</u>

സി.ബി.ഇ.സി.യുടെ 30.6.12 ലെ 30/12 നോട്ടിഫിക്കേഷൻ പ്രകാരം ഒറിജിനൽ വർക്കുകളുടെ മൂല്യത്തിന്റെ 6% ഉം മെയിന്റനൻസ് വർക്കുകളുടെ 10.5% ഉം സേവനനികുതിയായി ഒടുക്കേണ്ടതാണ്. എന്നാൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് 2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്തുവേലകളുടെ എസ്റ്റിമേറ്റിൽ സേവനനികുതി ഇനത്തിൽ യാതൊരു തുകയും ഉൾപ്പെടുത്തുകയോ സേവനനികുതി ഒടുക്കുകയോ ചെയ്തിട്ടില്ല. സേവനനികുതി ഒടുക്കുവരുത്താത്തതു വഴി 96823 (52003+44820) രൂപയുടെ നഷ്ടം കേന്ദ്ര സംസ്ഥാന സർക്കാരിന് ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സേവന നികുതി. | ചെലവു തുക& ബിൽ നം./ തീയതി. | എം. ബുക്ക്നം &. വർക്കിന്റെ മൂല്യം. | ഒടുക്കേണ്ട സേവന നികുതി. |
|---|---|---|---|---|---|
| 1 | താലൂക്ക് ആശുപത്രിക്ക് ടോയ്‌ലറ്റ് നിർമ്മാണം | ഉൾപ്പെടുത്തിയിട്ടില്ല | 866718/-<br>ഡി.ഡി. നം. 661810/ 7.9.16 – 43336/-<br>ഡി.ഡി. നം. 661819/ 7.9.16 – 823382/- | 25/AEE/15-16<br>866718 | 52003<br>(6% 866718) |
| 2 | തൃക്കുന്നപ്പുഴ സി.എച്ച്.സി. നവീകരണം | ഉൾപ്പെടുത്തിയിട്ടില്ല | ബിൽ നം. 2/ 22.10.16 - 426859 | 26/AEE/15-16<br>426859 | 44820<br>(10.5%) |

സേവനനികുതി ഒടുക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം-4 തീയതി, 28-11-2017 നൽകിയതിന് മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളും 2015-16 ലെ സ്പിൽ ഓവർ പ്രോജക്ടുകളാണെന്നും 2016-17മുതലാണ് സേവനനികുതി എസ്റ്റിമേറ്റിൽ ഉൾപ്പടുത്താൻ നിർദ്ദേശം ലഭിച്ചതെന്നുമാണ്. ആയതിനാൽ സേവന നികുതിയിനത്തിൽ ഒടുക്കുവാനുള്ള 96823/-രൂപ ഒടുക്കേണ്ടതാണ്.

## 3-8 കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാകാത്ത വർക്കുകൾ-പുതുക്കിയ പി.ഡബ്ള്യൂ.ഡി. മാന്വൽ പ്രകാരമുള്ള പിഴ സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയോ പാലിക്കുകയോ ചെയ്യുന്നില്ല

ജി.ഒ.പി.13/2012 പി.ഡബ്ല്യുഡി/1-2-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112പ്രകാരം പൂർത്തീകരണത്തിനുള്ള സമയദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല എന്നും പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാൻ പാടില്ല എന്നും, പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു. ഇതിനായി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി എ.ഇ.മുഖേന അപേക്ഷ നൽകേണ്ടതും ഇപ്രകാരം അപേക്ഷ നൽകാത്തപക്ഷം കരാറ് ദുർബ്ബലപ്പെടുത്തേണ്ടതുമാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കുശേഷം ചെയ്യുന്ന പ്രവർത്തി അനധികൃതമാണ്. ഇതിന് പേയ്മെന്റ് നൽകാവുന്നതല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ദീർഘീകരണത്തിന് അപേക്ഷ നൽകുന്ന കേസുകളിൽ പിഴ ആദ്യതവണ പി.എ.സി.യുടെ 1% പരമാവധി 50000 രൂപയും ആദ്യതവണക്കുശേഷം 2% പരമാവധി 100000 രൂപ എന്ന ക്രമത്തിലും ഈടാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മിക്കവർക്കുകളിലും പിഴ സംബന്ധിച്ച് 2012 നുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വർക്കുകൾ

വർഷങ്ങളോളം നീണ്ടുപോകുകയും ദീർഘീകരണത്തിന് അപേക്ഷനൽകുകയോ ദീർഘീകരണം ലഭ്യമാകുകയോ ചെയ്യാത്തവർക്കുകൾക്കും പേയ്മെന്റ് നൽകുകയും ചെയ്യുന്നുണ്ട്. ഇത് ക്രമപ്രകാരമല്ല. നിർദ്ദിഷ്ട കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ കാലവിളംബത്തിന് ഓരോ ആഴ്ചയ്ക്കും 0.1% ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കേണ്ടതാണ്.

2015-16സാമ്പത്തിക വർഷം എഗ്രിമെന്റ് വച്ച താഴെ പറയുന്ന പ്രവൃത്തി നിയമാനുസൃതം പൂർത്തിയാക്കേണ്ട തീയതിയിലല്ല പൂർത്തിയാക്കിയത്. ആയതിനാൽ താഴെപ്പറയും പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കേണ്ടതാണ്.

| ക്രമനം. | വർക്കിന്റെ പേര്. | എഗ്രീഡ് PAC | സൈറ്റ് ഹാൻഡ് ഓവർചെയ്ത തീയതി. | പ്രവർത്തി പൂർത്തി യാക്കേണ്ട തീയതി. | പൂർത്തിയായ തീയതി. | ലിക്വിഡേറ്റഡ് ഡാമേജ് @0.1%/ആഴ്ച |
|---|---|---|---|---|---|---|
| 1 | താലൂക്ക് ആശുപത്രിക്ക് ടോയ്ലറ്റ് നിർമ്മാണം<br>കരാറുകാരൻ- പ്രവീൺ രവീന്ദ്രൻ<br>ചെലവുതുക -<br>എം.ബുക്ക്.25/ AEE/15-16 | 894955.87 | 16/02/16 | 16/5/16 | 7/7/16<br>കാലവിളംബം: 51 ദിവസം | 894956x0.1/100x 51/7=6520/- |

ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ-പർച്ചേസുകൾ നടത്തുന്നു

2016-17വർഷം തനതുഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾ, പ്രിന്റിംഗ് ചെലവുകൾ എന്നിവ പരിശോധിച്ചതിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ(ജി.ഒ.(പി.) നം.259/2010. ത.സ്വ.ഭ.വ തീയതി, 8-11-2010) പാലിക്കാതെയാണ് ഇവ നടത്തിയിട്ടുള്ളതെന്ന് കാണുന്നു. സർക്കാർ നിർദ്ദേശമനുസരിച്ച്, വാർഷിക ആവശ്യകത കണക്കിലെടുത്തശേഷം, വാങ്ങേണ്ടിവരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മതിയായ എണ്ണം വർഷാരംഭത്തിൽതന്നെ കണക്കാക്കി ഒറ്റത്തവണയായി പർച്ചേസുകൾ നടത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ വാങ്ങലുകൾ എല്ലാംതന്നെ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് നടത്തിയിട്ടുള്ളത്. പ്രോക്യുർമെന്റ് മാന്വൽ അനുശാസിക്കും പ്രകാരം മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 IAY ഭവന നിർമ്മാണം

ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച പദ്ധതി വിഹിതത്തിൽ 96,05,239 രൂപ IAY ഭവന നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരം പിൻവലിച്ച് കാനറാബാങ്ക് ഹരിപ്പാട് ശാഖയിലുള്ള IAY അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. വർഷങ്ങളായി ഈയിനത്തിൽ ലഭിക്കുന്ന ഗ്രാമപഞ്ചായത്ത്,

ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം എന്നിവ ഈ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും പേയ്മെന്റായി കണക്കാക്കുകയുമാണ് ചെയ്തുവരുന്നത്. ഓരോ ഗ്രാമപഞ്ചായത്തിന്റെയും ടാർജറ്റ് അനുസരിച്ചുള്ള ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിച്ചിട്ടുണ്ടോ എന്നതിന് വ്യക്തതയില്ല. ഇത് സംബന്ധമായ കണക്കുകൾ തയ്യാറാക്കി വരുന്നതായാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്.

ഐ.എ.വൈ. പ്രോജക്ടുകളും അവയ്ക്കായി പിൻവലിച്ച തുകയുടെയും വിവരം

| ക്രമ നം. | പ്രോജക്ടിന്റെ നമ്പരും പേരും | പിൻവലിച്ച തുക | ബിൽ നം./ തീയതി | കാനറാ ബാങ്കിൽ നിക്ഷേപിച്ച തീയതി |
|---|---|---|---|---|
| 1. | 14/16-17<br>ഐ.എ.വൈ. ഭവന നിർമ്മാണം<br>ജനറൽ | 1632000 | നം.16/16-17<br>തീയതി, 22.12.16 | 12.01.2017 |
| 2. | 15/16-17<br>ഐ.എ.വൈ. എസ്.സി.പി. ഭവനം | 1472000 | 17/16-17<br>തീയതി, 22.12.16 | 12.01.2017 |
| 3. | 62/16-17<br>ഐ.എ.വൈ. വനിത ഭവനം<br>(എസ്.സി.പി) | 2016000 | 11/16-17<br>തീയതി, 31.10.16 | 05.11.2016 |
| 4. | 68/16-17<br>എസ്.സി. ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകൽ | 3459733 | 25/16-17<br>തീയതി, 28.02.17 | 28.02.2017 |
| 5. | 67/16-17<br>ഐ.എ.വൈ. ഭവനം<br>എസ്.സി.പി. 2015-16 അധിക ധനസഹായം | 831649 | 24/16-17<br>തീയതി, 28.02.17 | 28.02.2017 |
| 6. | 12/16-17<br>ഐ.എ.വൈ. ISP ഭവനം | 129000<br>64857 | 18/16-17<br>തീയതി, 22.12.16<br>29/16-17 തീയതി, 28.02.17 | 12.01.17<br>28.02.17 |
| | | 9605239 | | |

30-11-2017 ൽ പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകളുടെ വിവരം

| വർഷം | അനുവദിച്ച വീടുകളുടെ | പൂർത്തീകരിക്കാത്തത് |
|---|---|---|

| | | |
|---|---|---|
| | വിവരം. | |
| 2010-2011 | 518 | 0 |
| 2011-2012 | 686 | 6 |
| 2012-2013 | 287 | 6 |
| 2013-2014 | 242 | 12 |
| 2014-2015 | 414 | 24 |
| 2015-2016 | 419 | 56 |
| 2016-2017 | 90 | 53 |

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പൂർത്തിയാകാത്തവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഇ.എം.എസ്സ് ഭവന നിർമ്മാണം വായ്പ്പാ തിരിച്ചടവ് -ലോൺ പാസ്സ് ബുക്കിന്റെ അഭാവത്തിൽ തിരിച്ചടവിന്റെ കൃത്യത വ്യക്തമല്ല

പ്രോജക്ട് നം. 13/16-17 പ്രകാരം 941456രൂപ ഇ.എം.എസ്സ്. വായ്പയുടെ തിരിച്ചടവായി ബിൽനം.8/16-17 DTD 31/10/2016 പ്രകാരം പിൻവലിച്ച് 670880 രൂപ കുമാരപുരം സർവ്വീസ് സഹകരണ ബാങ്കിലേക്കും 270576രൂപ കരുവാറ്റ സർവ്വീസ് സഹകരണ ബാങ്കിലേക്കും നൽകിയിരുന്നു. എന്നാൽ ഈ ബാങ്കുകളുടെ ലോൺ പാസ്സ് ബുക്ക് പരിശോധനക്ക് നൽകിയിരുന്നില്ല. പാസ്സ് ബുക്കിന്റെ അഭാവത്തിൽ ലോൺ തുക കൃത്യമായി അക്കൌണ്ടിൽ വന്നിട്ടുണ്ടോ എന്നുള്ള വിവരം പരിശോധനാ വിധേയമാക്കാൻ സാധിച്ചിട്ടില്ല. ലോൺ തുക ലോൺ അക്കൌണ്ടിലേക്ക് വരുന്നതിൽ ദിവസങ്ങളുടെ വ്യത്യാസമുണ്ടായാൽ പോലും പലിശയിനത്തിൽ വലിയ വ്യത്യാസം വരാം എന്നതിനാൽ ലോൺ തുകയുടെ കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തേണ്ടതാണ്. തിരിച്ചടവിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-12 ആസ്തി രജിസ്റ്റർ കാലികമാക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി വിവരശേഖരണം 2005-06-ൽ പൂർത്തിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ പലവിധത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിനായി 13-01-2010 ൽ 58608/DB2/2009/LSGD സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല.

2016-17 സാമ്പത്തിക വർഷാരംഭത്തിൽ മൊബൈൽ മാപ്പിംഗ് വഴി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇത് സംബന്ധിച്ച നടപടികൾ ഒന്നും തുടങ്ങിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ പരിശോധനക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ പഞ്ചായത്തിന്റെ ആസ്തികളുടെ കൃത്യമായ കണക്കുകൾ വാർഷിക കണക്കിന്റെ കൃത്യതയ്ക്ക് ആവശ്യമാണ്. എന്നിട്ടും ആസ്തിരജിസ്റ്ററിലെ അപാകത പരിഹരിക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരിക്കുന്നത്

ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തുകയും അവയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

എ) രസീത് &പേയ്മെന്റ് അക്കൌണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവ് - ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 52203320 |
| വരവ് | 80527585 |
| ആകെ | 132730905 |
| ചെലവ് | 73045362 |
| നീക്കിയിരുപ്പ് | 59685543 |

1. നീക്കിയിരിപ്പ് തുക പാസ് ബുക്ക്/സ്റ്റോൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.
2. എം.പി, എം.എൽ.എ ഫണ്ടിൽ നിന്നുള്ള വരവ് ചെലവുകൾ, എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ടെന്റർ ഫോറവില, വാടക-വരവ് തുക പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയില്ല.

ബി) ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റേയും വ്യയത്തിന്റേയും സംക്ഷിപ്തം താഴെ പ്പറയുന്നു.

| | |
|---|---|
| ആദായം | 66204727 |
| (-) വ്യയം | 65867500 |
| (-) പ്രയർ പിരീഡ് ഐറ്റം | (-)303109 |
| സർപ്ലസ് | 34118 |

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പ്രയർ പീരീഡ് ഐറ്റത്തിലെ തുക (-303109) വിശദീകരിച്ചില്ല.

സി)ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ പ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 67802742 |

| | |
|---|---|
| (-)റിസർവ്വം earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 63144963 |
| പഞ്ചായത്ത് ഫണ്ട് | 4657779 |

1. ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ആസ്തിയുടെ വിവരങ്ങൾ പരിശോധിക്കാനായില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 5767000 | ഐ.എ.വൈ. | 7772300 | (-)2005300 |
| ഗ്രാമപഞ്ചായത്ത് | 2016-17 | 12349851 | ഐ.എ.വൈ. | 15600396 | (-)3250545 |

തൻവർഷത്തെ വരവിൽ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയുണ്ട്. മുൻവർഷങ്ങളിൽ നൽകാനുള്ളതുൾപ്പെടെയുള്ള തുകയാണ് ചെലവിലും വരുന്നത്. ആയതിനാലാണ് ചെലവഴിച്ച തുക വരവിലും കൂടി നിൽക്കുന്നത്. എന്നാൽ പദ്ധതിയ്ക്കായി ലഭിച്ച ജില്ലാ-ഗ്രാമ പഞ്ചായത്ത് വിഹിതം വാർഷിക കണക്കിലെ RP31 പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

4-3.ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല. | 9414560 | 4938366 | 941456 | | 3996910 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-13 | 2007-08 | 3-30 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി കൺവീനർ മുഖേന വേലകൾ | നിയമസഭാ സമിതിയ്ക്ക് മറുപടി നൽകി. |

| | | | | | |
|---|---|---|---|---|---|
| | | | | നിർവ്വഹിച്ചു. | |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 80527585 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73045362 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 62415/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 56,70,742/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12415 | ശ്രീ.കെ.അനിൽകുമാർ, സെക്രട്ടറി |
| 3-2 | | 50,000 | ശ്രീ.ജി.ആർ.രാജേഷ്, എസ്.സി.ഡി.ഒ. |
| ആകെ. | | 62415/- | |

സി).ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10,00,000/- | ശ്രീ.ജി.ആർ.രാജേഷ്,എസ്.സി.ഡി.ഒ. |
| 3-3 | 10,37,000/- | ശ്രീമതി.രാജലക്ഷ്മി,സി.ഡി.പി.ഒ. |
| 3-4 | 21,62,600/- | ശ്രീമതി.രാജലക്ഷ്മി,സി.ഡി.പി.ഒ. |
| 3-5 | 10,000/- | ശ്രീ.കെ.അനിൽ കുമാർ,സെക്രട്ടറി. |
| 3-6 | 519686/- | ഡോ.ജയ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-11 | 941456/- | ശ്രീ.കെ.അനിൽ കുമാർ,സെക്രട്ടറി. |
| ആകെ. | 56,70,742/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം:

ഖ.3-7- 96823/-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ:

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജി.ആർ.രാജേഷ്, എസ്.സി.ഡി.ഒ. | ലഭിച്ചില്ല. | ശ്രീനിലയം, ടൈൽ ഫാക്ടറി റോഡ്, അമരവിള, നെയ്യാറ്റിൻകര. |
| ശ്രീമതി.രാജലക്ഷ്മി, സി.ഡി.പി.ഒ. | സി.ഡി.പി.ഒ, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്. | ശരത് ഭവൻ, വക്കം, തിരുവനന്തപുരം. |
| ശ്രീ.കെ.അനിൽകുമാർ, സെക്രട്ടറി. | സെക്രട്ടറി. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്. | കല്ലുരാവിൽ, വേങ്ങ.പി.ഒ. ശാസ്താംകോട്ട. |
| ഡോ.ജയ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തൃക്കുന്നപ്പുഴ. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തൃക്കുന്നപ്പുഴ. | വിസ്മയം, തൃക്കുന്നപ്പുഴ.പി.ഒ, ആലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2003-04മുതൽ 2008-09വരെ. | എൽ.എഫ്.ജി.എ5/ ബി.പി.അദാലത്ത്.26(78) | |
| 2009-10 | എൽ.എഫ്.എ. ബി.പി.1770/11/31.05.12/13.08.12 | |
| 2010-11& 2011-12 | എൽ.എഫ്.എ. ബി.പി./1084/13/21.10.13 | |
| 2012-13 | എൽ.എഫ്.എ.ബി.പി./368 /15/9.3.2015/7.5.15 | |
| 2013-14 | കെ.എസ്.എ-എ.പി.ഇസഡ്- | |

| | | |
|---|---|---|
| | ബി.പി.1054/2015/03.8.2015 /7.9.2015 | |
| 2014-15,2015-16 | നം.കെ.എസ്.എ.എൽ.പി.ബി.പി-1163/16/16.11.16 | |

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-1454/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 05.12.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക നം.4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/BP-1454/17

Kerala State Audit Department,

District Audit Office, Alappuzha.

Date:05.12.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Haripad Block Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Haripad Block panchayat for the year 2016-17 except the observations in my audit report Para No.4-1 properly presents the picture of income and expenditure.

.

Senior Deputy Director,

Kerala State Audit Department,

Alappuzha